# ഓശാനപ്പെരുന്നാളിലെ കുരുത്തോല വാഴ്വിന്റെ ക്രമം




ܛܟܣܐ ܕܒܘܪܟ ܣܘ̈ܟܐ ܕܕܩ̈ܠܐ
ܕܥܐܕܐ ܩܕܝܫܐ ܕܐܘܫܥܢܐ

## ഊശാന ശുശ്രൂഷയിലെ പ്രതീകങ്ങൾ

കർത്താവായ യേശുക്രിസ്തു ഒരു ജയാളിയെപ്പോലെ യെരുശലേമിലേക്കു പ്രവേശിച്ചതിന്റെ അനുസ്മരണയും ആഘോഷവുമാണ് ഊശാനപ്പെരുന്നാൾ. ഒട്ടുമിക്ക ക്രിസ്തീയപാരമ്പര്യങ്ങളിലും ഇത് ഉയിർപ്പുപെരുന്നാളിന്റെ തലേ ഞായറാഴ്ചയാണ് ആഘോഷിക്കാറ്. തന്റെ കഷ്ടാനുഭവത്തിനു തൊട്ടുമുമ്പ്, താൻ യഥാർത്ഥത്തിൽ ഇസ്രായേലിന്റെ രാജാവാണെന്ന് എല്ലാവർക്കും വെളിപ്പെടുത്തുന്നതിനു വേണ്ടിയായിരുന്നു പ്രതീകാത്മകമായ ഈ ജയഘോഷയാത്ര. 'യെരുശലേം പുത്രിയേ ആർപ്പിടുക, ഇതാ നിന്റെ രാജാവ്... നീതിമാനും, ജയശാലിയും, താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും... കയറി വരുന്നു' എന്ന സഖരിയ പ്രവാചകന്റെ വാക്കുകളുടെ (9:9) പൂർത്തീകരണമായി ഈ വരവിനെ കാണാം. കഴുതയെ വാഹനമായി തിരഞ്ഞെടുത്തതുകൊണ്ട് അവൻ ത്ഴ്മയുള്ളവനും സമാധാനകാംക്ഷിയുമാണന്ന് സൂചിപ്പിക്കുന്നു. ജനങ്ങൾ സങ്കീർത്തനം (118:25, 26) പാടിയും, 'ഹോസന്ന' പാടിയും പുകഴ്ത്തികൊണ്ടിരുന്നു. 'ഹോസന്ന' എന്ന വാക്കിന് സ്തുതി എന്നാണ് ഇന്നു നാം അർത്ഥം കൊടുക്കാറ്. പക്ഷെ യഥാർത്ഥത്തിൽ അതിന്റെ അർത്ഥം 'ഇപ്പോൾ രക്ഷിക്കണമേ' എന്നാണ്. രാജാക്കന്മാർ എഴുന്നള്ളുമ്പോൾ പ്രജകൾ ആഹ്ലാദപൂർവ്വം വിളിച്ചുപറഞ്ഞിരുന്ന ഒരു വാക്കായിരുന്നു അത്. രാജാവിനെ അവരുടെ രക്ഷകനായി കാണുന്നതിന്റെ ബാഹ്യപ്രകടനമായിരുന്നു അത്. യേശു ഇസ്രായേലിന്റെ രാജാവാണെന്ന പരസ്യപ്രഖ്യാപനമാണ് അവിടെ നടന്നത്. അതേസമയം ആ രാജാവ്, താഴ്മയുള്ളവനും, സമാധാന ദൂതനുമാണ് എന്ന ദൂതും പ്രതീകാത്മകമായി ഇവിടെ കാണിച്ചിരിക്കുന്നു.

റോമൻ-ഗ്രീക്ക് സംസ്കാരങ്ങളിൽ ഈന്തപ്പനയുടെ ഓലകളും, കുരുത്തോലകളും (Palm leaves) വിജയത്തിന്റെ ചിഹ്നമാണ്. 4-ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട 'എഗേറിയയുടെ (എതേറിയ) തീർത്ഥാടനം' എന്ന രേഖയിൽ, യെരുശലേമിൽ ഓശാനദിവസം ഒലിവുമലയിൽ നിന്ന് മേൽപ്പട്ടക്കാരന്റെ നേതൃത്വത്തിൽ കുരുത്തോലകളും പിടിച്ചുകൊണ്ട് ഒരു വലിയ ഘോഷയാത്ര നടന്നിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ' എന്ന് സർവ്വ ജനങ്ങളും ആർത്തട്ടഹസിച്ചുകൊണ്ടാണ് ഘോഷയാത്രയിൽ പങ്കെടുത്തിരുന്നത്.

ഊശാനദിനത്തിൽ പടിഞ്ഞാറൻ സുറിയാനിപാരമ്പര്യത്തിൽ കുരുത്തോലകൾ വാഴ്ത്തി ജനങ്ങൾക്കു നൽകുന്ന പതിവാണുള്ളത്. കുരുത്തോലകളെയും അവ വെട്ടിയെടുത്ത മരങ്ങളെയും, അതു സമർപ്പിച്ചവരെയും, ലോകത്തിലെ സകല വൃക്ഷലതാദികളെയും വാഴ്ത്തണമേ എന്നുള്ള പ്രാർത്ഥനകളാണ് പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്നത്.

പ്രത്യേക ക്രമം വി. കുർബാന ആരംഭിക്കുന്നതിനു മുമ്പു നടത്തി, വാഴ്ത്തപ്പെട്ട കുരുത്തോലകൾ പിടിച്ചുകൊണ്ട് ജനം മുഴുവനും വി. കുർബാനയിൽ സംബന്ധിക്കുവാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ സൗകര്യാർത്ഥം കുക്കിലിയോന്റെ സമയത്തും ക്രമം നടത്തുവാൻ അനുവാദമുണ്ട്. കുരുത്തോലകൾ പിടിച്ചുകൊണ്ട് ക്രമത്തിന്റെ ആരംഭത്തിൽതന്നെ പള്ളിക്കു ചുറ്റി പ്രദക്ഷിണം നടത്തി പടിഞ്ഞാറെ വാതിലിൽ എത്തുമ്പോൾ അവിടെ നിന്ന് ഏവൻഗേലിയോൻ വായിക്കുന്നു. ഓരോ പ്രാവശ്യവും ഏവൻഗേലിയോൻ വായിക്കുമ്പോൾ "ജനം ആർത്തട്ടഹസിച്ച് ഊശാന പാടി" എന്ന ഭാഗം വരുമ്പോൾ എല്ലാവരും ചേർന്നു പാടുകയും പാട്ടിന്റെ സാരാംശം ഗദ്യമായി പറയുകയും ചെയ്യുന്നു. ആ സമയത്ത് പൂ വിതറുന്ന പതിവ് മലങ്കരയിൽ നിലനിൽക്കുന്നു. പ്രദക്ഷിണത്തിനു ശേഷം കുരുത്തോലകൾ വീണ്ടും ശേഖരിച്ച് അഴിക്കകത്തു നിന്നുകൊണ്ട് ക്രമം നടത്തുന്നു. വെള്ളം വാഴ്വ്, കുരുത്തോല വാഴ്വ് ആദിയായവ ഒന്നും മദ്ബഹായിൽ വച്ച് നടത്താതിരിക്കുന്നതാണ് ഉചിതം. മദ്ബഹാ വി. കുർബാന അർപ്പിക്കുന്നതിനും, കർത്താവിനെത്തന്നെ പ്രതിനിധീകരിക്കുന്ന കുരിശു കബറടക്കുന്നതിനും മറ്റും മാത്രമേ ഉപയോഗിക്കാറുള്ളൂ.

വി. കുർബാനയിലെപ്പോലെ പട്ടക്കാരൻ കൈകളുയർത്തി പ്രാർത്ഥനകൾ നടത്തി, കൈ ആവസിപ്പിച്ച് വാഴ്വു പൂർത്തിയാക്കിയ ശേഷം സ്ലീബാ ആഘോഷം നടത്തുന്നു. പിന്നീട് വാഴ്ത്തപ്പെട്ട കുരുത്തോലകൾ ജനത്തിനു വിതരണം ചെയ്യുന്നു.

# കുരുത്തോല വാഴ്വിന്റെ ക്രമം

(രാവിലെ പ്രാർത്ഥന കഴിഞ്ഞ് കുർബാന ചൊല്ലുന്ന പട്ടക്കാരൻ തൂയോബൊ കഴിച്ച ശേഷം പട്ടക്കാരും ശെമ്മാശന്മാരും അംശവസ്ത്രം ധരിച്ച് ആഘോഷമായി പള്ളിയുടെ വടക്കേവാതിൽ വഴി പുറപ്പെട്ട് പള്ളിക്കു ചുറ്റും ഒരു പ്രദക്ഷിണം നടത്തി തെക്കേ വാതിൽ വഴി അകത്തു പ്രവേശിക്കുന്നു. പ്രദക്ഷിണം പടിഞ്ഞാറുവശത്തെത്തുമ്പോൾ അവിടെ നിന്ന് ഏവൻഗേലിയോൻ വായിക്കുന്നു)

## പ്രദക്ഷിണഗീതം

സൂഗീസൊ

യേറുശലേമിലെ വന്മലമേൽ-ഓരുകിലെന്നെ ആരേറ്റി.
ഖരവാഹനനായ് പുരി പൂകും - പരസുതനെ ഞാൻ കാണുന്നു.
നിബിയന്മാരുടെ തിരുനിവഹം - നടകൊള്ളുന്നു പുരോഭൂവിൽ
ശ്ലീഹന്മാരുടെ ദിവ്യഗണം - പിന്നണി ചേർന്നു വരുന്നല്ലോ
സൈത്തിൻ കൊമ്പുകളേന്തിയിതാ - പിഞ്ചുകിടാങ്ങൾ പാടുന്നു.
ഭൂസ്വർഗ്ഗങ്ങളിലൂശാനാ! - ദാവീദാത്മജനൂശാനാ!
വന്നവനും വരുവോനുമഹോ - ധന്യൻ നിഖിലേശാ! സ്തോത്രം.

(പ്രദക്ഷിണം കഴിഞ്ഞ് പള്ളിയകത്ത് പ്രവേശിച്ച ശേഷം കുരുത്തോല വാഴ്ത്തുന്ന ക്രമം ആരംഭിക്കുന്നു)

## പ്രാർത്ഥന

പട്ടക്കാരൻ:- പിതാവിനും പുത്രനും.... ജനം:- ബലഹീനരും പാപിക.....

പട്ടക്കാരൻ:- ദൈവമായ കർത്താവേ! ഊർശ്ലേമിലേക്കുള്ള നിന്റെ പ്രവേശനത്തിന്റെ ഈ ദിവസത്തിൽ ശോഭനവസ്ത്രങ്ങളോടും ആന്തരികശോഭയോടും നിർമ്മലങ്ങളായ വിശുദ്ധവിചാരങ്ങളോടുംകൂടെ നിന്റെ എതിരേല്പിനു പുറപ്പെടുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. മഹത്ത്വത്തിന്റെ കൊമ്പുകളോടുകൂടി ഞങ്ങൾ അട്ടഹസിച്ചു പറയുന്നു. കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ ഊശാന. ഹോശോ....

ദൈവമേ നിന്റെ കൃപയിൻപ്രകാരം.... (പേജ് 7)

## എൻയോനോ-(ഏമൊദ്കീസൊ)

ഒലിവീന്തൽ തലകളെടുത്തൂശാനാ
ശിശു ബാലന്മാർ പാടി കീർത്തിച്ചോൻ
ദേവാ! ദയ ചെയ്തീടണമേ.

ക്രൂബഗണം ഭ്രമമൊടു പേറീടുമ്പോൾ
ഗർദ്ദഭമേറീട്ടേറുശലേമാർന്നോൻ-
ദേവാ! ദയ ചെയ്തീടണമേ.

യേരുശലേം പുരി പൂകുന്നേരം
മധുരാരാവം ശിശുഗണമർപ്പിച്ചോൻ
ദേവാ! ദയ ചെയ്തീടണമേ.

ഗിരിസൈത്തിൽ നിന്നേറുശലേമോളം
ശിശു ബാലന്മാരോശാനപാടിയ
ദേവാ! ദയ ചെയ്തീടണമേ.

ബാറെക്മോർ. ശുബഹോ... മെനഓലം....

വിനയത്താൽ രക്ഷയെ നൽകിയ സൂനോ!
യുവ ശിശു വൃദ്ധന്മാർ സ്തുതി ചെയ്വോനേ!
ദേവാ! ദയ ചെയ്തീടണമേ.

## കുക്കിലിയോൻ (4-ാം രാഗം)

ഈശാ നാഥാ! പാരെങ്ങും തിരുനാമം മഹനീയം
ഹാലേലുയ്യാ- നിന്മഹിമാവിനെ ഗഗനതലത്തിന്നരുളി നീ

നീ ബാലകയുവ വദനത്തിലൊരുക്കി നിൻ സ്തുതിയെ
ഹാലേ... വൈരികളാമെതിരാളികൾ മായും.

ബാറെക്മോർ. ശുബഹോ... മെനഓലം....

(ഗീതം)

ശ്ലോമ്മോ സീയോനോടറിയിക്കുന്നോനേ!
യേരുശലേമിൻ ശമദാതാവേ! ഉന്നതപർവ്വതമേറി പൂകുക മേന്മ
നാദമുയർത്തി കെൽപ്പോടവളോടുദ്ഘോഷിക്ക-
പ്രോക്തം നിന്നപദാനം മഹനീയം
നീ ദൈവത്തിൻ പത്തനമല്ലോ
ഇസ്രായേലിനു ശമമന്യജനത്തിൻ തനയയ്ക്കനിശം
ശാന്തിയതും രക്ഷയുമുദയം ചെയ്യട്ടെ.

## പ്രാർത്ഥന

തന്റെ കല്പനയാൽ ശിശുക്കളെ ഉദരത്തിൽ രൂപപ്പെടുത്തിയവനും തന്റെ മുമ്പിൽ ഊശാന പാടി പുകഴ്ത്തുവാൻ തക്കവണ്ണം അവരുടെ നാവുകളെ തന്റെ വചനം മൂലം സന്നദ്ധമാക്കിയവനുമായ വിദഗ്ദ്ധശിൽപ്പിയായ കർത്താവേ! ഞങ്ങളുടെ കണ്ണുകൾക്കു മുമ്പിൽ നിന്റെ വരവും ഞങ്ങളുടെ മനസ്സുകളിൽ നിന്റെ പുകഴ്ച്ചകളും നീ രൂപപ്പെടുത്തണമേ. ഞങ്ങളുടെ സംഗീതങ്ങളെ നിന്റെ മഹിമയെ സ്തുതിച്ച് പുകഴ്ത്തുവാൻ തക്കവണ്ണം നീ ഒരുക്കുകയും ചെയ്യണമേ. ഹോശോ...

## കുക്കിലിയോൻ (4-ാം രാഗം)

വാഴ്ത്തുക കർത്തനെ യേരുശലേമേ!- ഹാലേ....
വാഴ്ത്തുക സീയോനേ!-നിൻ ദൈവത്തെ. ബാറെക്മോർ. ശുബഹോ...
മെനഓലം....

(ഗീതം)

യേരുശലേമേ! പരമാനന്ദത്തോടാഹ്ലാദിക്ക
സീയോൻതൻ പ്രിയരേ! സതതം മോദമൊടാഘോഷിക്ക
സർവ്വജനത്തെയുമാളും മശിഹാ സേനാധീശൻ
വൈരിമദം ധ്വംസിപ്പാൻ ഗർദ്ദഭവാഹനനായെഴുന്നള്ളുന്നു
കർത്താവിൽ സൃഷ്ടികളേ! ദേവാധീശനെ വാഴ്ത്തിൻ നിത്യം
വാഴ്ത്തിൻ സ്തോത്രം ചെയ്യുവിനെന്നേവം തൻപേർക്കായ് നാമാർത്തീടുന്നു.
സ്തൗമെൻകാലോസ് കുറിയേലായിസോൻ.

പട്ടക്കാരൻ :- നാമെല്ലാവരും... ജനം :- അനുഗ്രഹിക്കുന്നവനായ...
പട്ടക്കാരൻ :- സ്തുതിയും സ്തോത്രവും...

## പ്രുമിയോൻ

ഉന്നതങ്ങളിൽ സ്രോപ്പേന്മാർ കാദീശ് പാടി സ്തുതിക്കുന്ന ഉന്നതനും പ്രകൃത്യാ ശ്രേഷ്ഠനും ക്രൂബേന്മാർ പരിഭ്രമത്തോടെ ബ്രീക്കൂയീക്കോറ പാടുകയും ശിശുക്കൾ സന്തോഷസമേതം സ്തുതിക്കുകയും ചെയ്യുന്ന വാഴ്ത്തപ്പെട്ടവനും അനുഗൃഹീതനും മാലാഖമാർ സ്തുതി അട്ടഹസിക്കുകയും തിരുവുള്ളം പോലെ പരമാർത്ഥികളായ ശിശുക്കളാൽ സെഹിയോൻവീഥികളിൽ വച്ച് പുകഴ്ത്തപ്പെടുകയും ചെയ്ത മഹനീയനുമായ കർത്താവിനു സ്തുതി. തനിക്ക് ഈ സമയത്തും എല്ലാ പെരുന്നാളുകളിലും കാലങ്ങളിലും ഞങ്ങളുടെ ആയുഷ്കാലം മുഴുവനിലും വിസ്മയനീയമാം വിധം ഞങ്ങൾ നിന്നെ സ്തുതിക്കുമാറാകണമേ. ബ്കുൽഹൂൻ... ആമ്മീൻ.

## സെദറാ

തന്റെ ബഹുമാന്യതയുടെ ശക്തി ശ്രേഷ്ഠവും തന്റെ വ്യാപാരത്തിന്റെ ആഴം മഹത്തും ആയിരിക്കുന്നവനും പ്രകൃത്യാ ഉത്തമനും തന്റെ മനുഷ്യസ്നേഹം മൂലം കാരുണികനുമായ ദൈവം തന്റെ ബഹുമാന്യതയുടെആരാധനയിലേക്ക് സ്വന്ത സൃഷ്ടിയെ തിരികെ കൊണ്ടുവരുവാൻ വേണ്ടി വന്നുചേർന്നു. രക്ഷാകരമായ തന്റെ കഷ്ടാനുഭവത്തിനു മുമ്പ് തനിക്കു വാഹനമായിട്ട് നിന്ദ്യമായ കഴുതയെ ആവശ്യപ്പെട്ടു. ഇത് പൈശാചിക മാർഗ്ഗഭ്രംശത്തിൽനിന്ന് രക്ഷിക്കപ്പെട്ട വിജാതികളിൽനിന്നുള്ള ജനമായ നമ്മുടെ ദൃഷ്ടാന്തത്തെ സൂചിപ്പിക്കുകയായിരുന്നു. വിശുദ്ധന്മാരായ ദീർഘദർശിമാർ ഈ പരിശുദ്ധ പെരുന്നാളിനെ വിശുദ്ധാത്മവചനങ്ങളാൽ മുൻകൂട്ടി ഉപമിച്ചു. രാജത്വം ആരുടെയാണോ അവൻ ആഗതനാകും വരെ യഹൂദായിൽനിന്ന് ചെങ്കോലും അവന്റെ കാലുകളുടെ ഇടയിൽനിന്ന് അറിയിപ്പുകാരനും നീങ്ങിപ്പോകയില്ല; ജാതികൾ അവനെ പ്രതീക്ഷിക്കും; അവൻ തന്റെ കഴുതയെ മുന്തിരിത്തണ്ടിന്മേലും തന്റെ കഴുതക്കുട്ടിയെ മുന്തിരിച്ചില്ലയിന്മേലും ബന്ധിക്കും എന്ന് ഗോത്രത്തലവനും പ്രധാന പിതാക്കന്മാരിൽ മൂന്നാമനുമായ യാക്കോബ് മുൻകൂട്ടി പ്രവചിച്ചു. ഇതാ നിന്റെ രാജാവ് വിനീതനായി കഴുതയുടെയും കഴുതക്കുട്ടിയുടെയും പുറത്ത് കയറി നിങ്കലേക്കു വരുന്നു എന്ന് പറഞ്ഞുകൊണ്ട് സ്ക്കറിയാ ദീർഘദർശി ദൈവത്തിന്റെ വിശുദ്ധസഭയായ സെഹിയോനോട് ഈ വിശുദ്ധ ഊശാനപ്പെരുന്നാളിനെക്കുറിച്ച് മുൻകൂട്ടി പ്രസംഗിച്ചു. യുവാക്കളുടെയും കുട്ടികളുടെയും വായിൽനിന്ന് കർത്താവിനായി സ്തുതി ഒരുക്കപ്പെട്ടു എന്ന് പറഞ്ഞുകൊണ്ട് ഈ വിശുദ്ധ ഊശാനപ്പെരുന്നാളിനെക്കുറിച്ച് ദൈവികദീർഘദർശിയായ ദാവീദ് മുൻകൂട്ടി പാടി. ഊർശ്ലേമേ! ഉണരുക, ഉണരുക, കർത്താവിന്റെ ഭുജബലം ധരിക്കുക എന്ന് ഈ വിശുദ്ധ ഊശാനപ്പെരുന്നാളിനെക്കുറിച്ച് ദീർഘദർശിമാരിൽ മഹത്ത്വമുള്ളവനായ ഏശായാ മുൻകൂട്ടി ഉദ്ഘോഷിച്ചു. ആകയാൽ മഹത്ത്വങ്ങളെ ക്ഷണിച്ചുവരുത്തുന്നതായ ഈ പെരുന്നാളിനെ ഞങ്ങൾ ആഘോഷിച്ചു സ്തുതിച്ചുകൊണ്ട് ആത്മീയാനന്ദസമേതം പറയുന്നു. പാപദാസ്യത്തിൽനിന്ന് ലോകത്തെ ഉദ്ധരിക്കുവാനായി വന്ന സ്വയംഭൂവിൽനിന്നുള്ള സ്വയംഭൂവിന് ഊശാന, അതായത് സ്തുതി. കർത്താവിന്റെ നാമത്തിൽ വന്നവൻ വാഴ്ത്തപ്പെട്ടവനെന്ന് ശിശുക്കൾ ആർക്കു വേണ്ടി അട്ടഹസിച്ചുവോ

ആ ദാവീദിന്റെ പുത്രനും ദാവീദിന്റെ നാഥനും ആയിരിക്കുന്നവന് ഊശാന. തന്റെ വാഹനമായി എളിയ കഴുതയെ തിരഞ്ഞെടുത്ത ശ്രേഷ്ഠമായ തന്റെ നിത്യതയിൽ അദൃശ്യനായവന് ഊശാന. താഴ്മയാൽ ഞങ്ങളുടെ വർഗ്ഗത്തിന്റെ അധഃപതനാവസ്ഥയെ ഉയർത്തുവാൻ വേണ്ടി ശിശുക്കളാൽ സ്തുതിക്കപ്പെടത്തക്കവണ്ണം കൃപാപൂർവ്വം വിനീതനായ വന് ഊശാന. കഴുതക്കുട്ടിയുടെ പുറത്തു കയറുവാൻമാത്രം വിനയപ്പെ ട്ടവന് ഊശാന. ശിശുക്കളുടെ വായിൽനിന്ന് സ്തുതിയെ ആകർഷിച്ച ജീവന്റെ ലക്ഷ്യസ്ഥാനമായവന് ഊശാന. വിനയം മൂലം ആകെൽക്കറുസാ യുടെ മാത്സര്യത്തെ വിജയിച്ച പുണ്യവാനും ജേതാവുമായവന് ഊശാന. പുണ്യതരങ്ങളും വിശുദ്ധങ്ങളുമായ പെരുന്നാളുകളാൽ തന്റെ സഭയെ സന്തോഷിപ്പിച്ച കാരുണ്യവാന് ഊശാന. രക്ഷാകരമായ വ്യാപാരം മൂലം അജ്ഞാനാന്ധകാരത്തെ ദൂരീകരിച്ച ഉത്തമനും ദയാലുവുമായവന് ഊശാന. ശിശുക്കളുടെ വായിൽ സ്തോത്രോച്ചാരണം നൽകിയ സഹായ ങ്ങളുടെ അപ്രമേയസമുദ്രത്തിന് ഊശാന. തിരുവിഷ്ടപ്രകാരം മനുഷ്യാ വതാരത്തിനായി ഇറങ്ങിവന്നപ്പോഴും സർവ്വോപരിസ്ഥനായ ദൈവമെന്ന സ്ഥിതിയിൽനിന്ന് അകലാതിരുന്ന നീതിമാനും പുണ്യവാനുമായവന് ഊശാന. പാപ പതനത്തിൽനിന്ന് ഞങ്ങളുടെ വർഗ്ഗത്തെ ഉദ്ധരിച്ച യഥാർത്ഥ രക്ഷാതുറമുഖമായവന് ഊശാന. ശിശുക്കളാലും കുഞ്ഞുങ്ങളാലും തന്റെ സ്തുതിയെ തയ്യാറാക്കിയ കാരുണ്യവാനും മഹാകൃപാലുവും സത്യവാ നുമായവന് ഊശാന. തന്റെ സ്നേഹിതരെ സ്വകീയമായ പ്രഭയാൽ ജ്വലി പ്പിക്കുന്ന ദഹിപ്പിക്കുന്നതും രൂപരഹിതവുമായ അഗ്നിയായവന് ഊശാന. തന്റെ ആഗമനത്തെ ദീർഘദർശിമാർ അറിയിച്ച ഭൂസീമകളുടെ പ്രത്യാശ യായവന് ഊശാന. ശിശുക്കളെയും പൈതങ്ങളെയും നവീന സ്തുതി പാഠകന്മാരാക്കിത്തീർത്തവനും സകല ശ്വാസങ്ങളുടെയും സ്രഷ്ടാവും നിർമ്മാതാവുമായവന് ഊശാന. തന്റെ വ്യാപാരം മൂലം ലോകത്തെ ഉദ്ധ രിച്ച രക്ഷിതാവിന് ഊശാന. തന്റെ ശ്രേഷ്ഠതയുടെ ഉന്നതത്തിലേക്ക് ഞങ്ങളെ ഉയർത്തുവാൻ വേണ്ടി തിരുവിഷ്ടത്തോടെ ഇറങ്ങിവന്ന പൂർണ്ണ പിതാവിന്റെ പൂർണ്ണരൂപമായവന് ഊശാന. കർത്താവിന്റെ നാമത്തിൽ വന്നവൻ വാഴ്ത്തപ്പെട്ടവൻ എന്ന് ശിശുക്കൾ ആർക്കുവേണ്ടി അട്ടഹസി ച്ചുവോ ആ പ്രകൃത്യാ പരിശുദ്ധനായവന് ഊശാന. തന്റെ വ്യാപാരം മൂലം ഞങ്ങളെ ശ്രേഷ്ഠരാക്കുവാൻ വേണ്ടി തന്റെ ശ്രേഷ്ഠതയ്ക്ക് ന്യൂനത സംഭ

വിക്കാതെ ചെറിയവനായിത്തീർന്ന വലിയവന് ഊശാന. ഞങ്ങളുടെ വംശ ത്തലവന്റെ കടം കരുണാപുരസ്സരം ക്ഷമിച്ചവനും കുറ്റക്കാരുടെ കടങ്ങൾ ക്ഷമിക്കുന്നവനുമായവന് ഊശാന. ആരുടെ സ്തുതിയെ ശിശുക്കൾ വിസ്മയനീയമായി മുഴക്കിയോ ആ അദൃശ്യപിതാവിന്റെ മഹത്ത്വവും സ്വരൂപവും ആയവന് ഊശാന. ഞങ്ങളുടെ മിശിഹാതമ്പുരാനേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു. ശിശുക്കളിൽനിന്നും കുഞ്ഞുങ്ങളിൽനിന്നും എന്നപോലെ ഞങ്ങളുടെ വായിൽനിന്നുമുള്ള സ്തുതികളെ അംഗീകരി ക്കണമേ. പ്രധാനാചാര്യന്മാർക്കു ജ്ഞാനവചനവും ആചാര്യന്മാർക്കു ധവളിമയും ശെമ്മാശ്ശന്മാർക്കു നൈർമ്മല്യവും ആപ്പുദ്‌യക്ക്നേന്മാർക്കു പരിപാകതയും ദയറാക്കാർക്കു സഹനശക്തിയും ധനവാന്മാർക്കു മനുഷ്യ സ്നേഹവും ദരിദ്രർക്ക് ഉത്തമസംരക്ഷണവും പള്ളികൾക്കു പുകഴ്ചയും ദയറാകൾക്കു നിലനില്പും രാജാക്കന്മാർക്കു ശാന്തതയും ഭടന്മാർക്ക് അനുസരണവും പാപികൾക്കു മോചനവും തെറ്റിപ്പോയവർക്കു തിരിച്ചു വരവും കോപിഷ്ടന്മാർക്കു സമാധാനവും ശാന്തതയും സകല വിശ്വാസി കൾക്കും നല്ല പ്രത്യാശയും പരേതർക്കു പാപപരിഹാരവും നൽകണമേ. ഞങ്ങൾക്കും അവർക്കും നിന്റെയും നിന്റെ പിതാവിന്റെയും വിശുദ്ധ റൂഹായുടെയും ശ്രേഷ്ഠതയുടെ മഹത്ത്വത്തോടുകൂടി കുറ്റംകൂടാതെ നിൽക്കുവാനുള്ള ഒരുക്കവും ഇപ്പോഴും എപ്പോഴും എന്നേക്കും നൽക ണമേ. ഹോശോ....

പട്ടക്കാരൻ:- ദൈവത്തിൽ നിന്ന് കടങ്ങൾ.....

### കോലോ (കൂക്കോയോ)

യേരുശലേമേറുന്നോനെ-ഏൽപ്പാൻ ബാലകരേ!
കല്ലുകളേന്തി ചെല്ലുവിനെ-ന്നോതി വൃദ്ധന്മാർ
 കല്ലുകൾ പേറി-ചെന്നു പൈതങ്ങൾ
 ഗിരിസൈത്തിന്മേൽ-അവനെ കണ്ടപ്പോൾ
കല്ലുകൾ കൈവിട്ടൊലിവിൻ കൊ-മ്പേന്തീട്ടിസ്രായേൽ
നൃപതേ! ശാന്തി സ്വാഗതമെ-ന്നുച്ചത്തിൽ പാടി
 ഹാലേ.... നിൻവരവതി ധന്യം.

യേരുശലേമവനാർന്നപ്പോൾ-ദിവ്യാത്മീയമതാം
വിമലസ്തുതിയാൽ വിമലസഭ-നൽകി സ്വീകരണം

സ്വാഗതമവന-ങ്ങേകാൻ കരതാരിൽ
ചില്ലികളേന്തും-പൈതങ്ങളെ വിട്ടാൾ
സ്തുതിഘോഷത്തോടവരേവം-പാടി തിരുമുമ്പിൽ
ദാവീദാത്മജനൂശാന-രക്ഷാദാതാവേ!
ഹാലേലുയ്യാ-തിരുനാമം ധന്യം. ബാറെക്മോർ. ശുബഹോ....

സഭ ഘോഷിക്കുന്നിവനല്ലോ-വാനിൻ മണവാളൻ
ദാവീദുസുതൻ ദാവീദിൻ-നാഥൻ നിന്ദിതമാം
മൃഗമേറുന്നൂ-തിരുമുമ്പിൽ നിബിയർ
നടകൊള്ളുന്നൂ-ശിഷ്യഗണം പിമ്പേ.
പിഞ്ചുകിടാങ്ങൾ സൈത്തിൻ കൊ-മ്പേന്തിക്കൊണ്ടാർത്തു
ദാവീദാത്മജനൂശാന-ധന്യൻ രക്ഷകനേ!
ഹാലേലുയ്യാ-വാനതിലൂശാന. മെനഓലം....

യീഹൂദ്യായിൽ കർത്താവിൻ-കാലത്തുണ്ടായോ-
രാശ്ചര്യം മഹനീയം താൻ-ശിഷ്യന്മാരൊത്ത്
മഹിമാവിൻ തേ-രുള്ളോൻ സീനായെ
വിറകൊള്ളിച്ചോൻ-പെരുന്നാൾ കൊണ്ടാടാൻ
ഗർദ്ദഭമേറീട്ടേറുശലേം-നഗരം പൂകുമ്പോൾ
കൈപ്പിള്ളകളൂശാനകളാൽ-പാടി കീർത്തിച്ചു.
ഹാലേലുയ്യാ-വാനതിലൂശാനാ. മൊറിയൊ......

## എത്രൊ

കർത്താവേ! ശ്രേഷ്ഠമായ സ്വർഗ്ഗത്തിലെ ഉന്നതകവാടങ്ങളും അനാദ്യന്തമായ നിന്റെ കരുണയുടെ മഹനീയബലിപീഠങ്ങളും തുറന്ന് ഞങ്ങളുടെ സംഘത്തിൽനിന്ന് അഗ്നിമയന്മാരുടെ ഗണങ്ങളിലേക്കു സുഗന്ധധൂപം ഉയരുവാൻ ഇടയാക്കണമേ. സ്വർഗ്ഗീയരും ഭൗമികരും രക്ഷാകരമായ പെരുന്നാൾ ആഘോഷിക്കുന്ന സകലരും ആഹ്ലാദിക്കുന്ന ഈ പെരുന്നാളിൽ ബലഹീനരും പാപികളുമായ ഞങ്ങൾ നിനക്കു സമർപ്പിച്ചിരിക്കുന്ന ഈ ധൂപം അംഗീകരിച്ച് ഇതു മൂലം ഞങ്ങളുടെ ഉത്തമയാചനകൾക്കു പൂർണ്ണമായ മറുപടി നൽകണമേ. കർത്താവേ! സത്യവിശ്വാസികളായ സക

ലരെയും കരുണയോടെ കാത്തുകൊള്ളുകയും പാപികളും കുറ്റക്കാരുമായ എല്ലാവരോടും ക്ഷമിക്കുകയും ചെയ്യണമേ. വിശ്വാസികളായ പരേതരുടെ ആത്മാക്കളെ ഇതു മൂലം ആശ്വസിപ്പിച്ചുകൊള്ളണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ. ഹോശോ....

## ഹൂത്തോമൊ

നിന്ദ്യമായ കഴുതയുടെ പുറത്തുള്ള കയറ്റം മൂലം വെടിപ്പില്ലാത്ത ജാതികളുടെ ക്ഷണത്തെ സൂചിപ്പിക്കുകയും സൈത്തിന്റെയും ദെക്ക്ലാ യുടെയുംകൊമ്പുകളുടെ പുറത്തുകൂടിയുള്ള സഞ്ചാരത്താൽ കഷ്ടതക ളിന്മേലുള്ള വിജയം അവർക്കു നൽകുകയും കർത്താവിന്റെ നാമത്തിൽ വന്നവനും വരുന്നവനും എന്നുള്ള അറിയിപ്പുകാരുടെ ശബ്ദങ്ങൾ മുഖാ ന്തരം ആദ്യത്തെയും അവസാനത്തെയും വരവോടൊപ്പം പുനരുത്ഥാന ത്തിന്റെ പ്രത്യാശ ഞങ്ങൾക്കു നൽകുകയും ചെയ്തവനും പുണ്യവാന്മാ രുടെ പ്രതീക്ഷയും നീതിമാന്മാരുടെ വചന നിവൃത്തിയും ആയുള്ളോവേ! ആത്മീയപറുദീസായിലെ അനശ്വരമായ കൊമ്പുകൾ വഹിച്ചുകൊണ്ട് ഈ പെരുന്നാൾ അഭംഗമായി വിശുദ്ധന്മാരുടെ നിലയിൽ ആഘോഷിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും സ്തോത്രവും കരേറ്റുന്നു. ഹോശോ....

## മാർ യാക്കോബിന്റെ ബോവൂസൊ

ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ ശുദ്ധൻ ശുദ്ധൻ
ഗർദ്ദഭമേറീട്ടേറുശലേമേറുന്നോൻ ശുദ്ധൻ

പാടിൻ പാടിൻ പാടിൻ സ്തോത്രം ദൈവസുതന്നായ്
എന്തിനു മാന്ദ്യം തൽ സ്തുതി പാടാൻ നീ നിർദ്ദിഷ്ടൻ

നാഥന്നേറ്റം പ്രിയമാം വിനയം പൂണ്ടു ചിരിപ്പാൻ
ഈ ലോകത്തിൽ തന്നുടെ മാർഗ്ഗം സംസ്ഥാപിച്ചാൻ

ശ്രേഷ്ഠന്മാർ തൻ വാഹനമേൽക്കാതതിവിനയത്താൽ
അന്യജനത്തെ ദർശിപ്പാനായ് ഗർദ്ദഭമേറി.

എബ്രായന്മാർ വരുമരചൻതൻ വിനയം ദർശി-
ച്ചൂശാനപ്പാട്ടാർത്തിടുവാനായ് കൊമ്പുകളേന്തി

വൃദ്ധന്മാരാ വിഹിതസ്തുതിയിൽ നീരസമാണ്ടു
ആശ്ചര്യത്തോടൂശാനയ്ക്കായ് ബാലകരാഞ്ഞു.

വൃദ്ധന്മാർതൻ കടഭാരത്തെ വീട്ടി യുവാക്കൾ
യോഗ്യമതാകും സ്തുതിയവിടേവം സംഭൃതമായി

ആഗതനീശൻ വാഴ്വുടയോനെന്നുത്തരമാർത്തു
വൻ സ്തുതിയാലാ എഴുന്നള്ളത്തിൻ പാത മുഴങ്ങി

താതൻ സ്തുത്യൻ നര രക്ഷയ്ക്കായ് സുതനെ വിട്ടോൻ
സീയോൻതെരുവിൽ മൃഗമാരൂഢൻ പുത്രൻ വന്ദ്യൻ

വന്ദ്യൻ പുത്രന്നുച്ചരവത്തിൽ സ്തോത്രം പാടാൻ
ബാലന്മാരെ പ്രേരിപ്പിച്ചോൻ റൂഹാ സ്തുത്യൻ.

മുമ്പിൽ നിബിയർ പിമ്പിൽ ശ്ലീഹർ ബാലന്മാരും
ഊശാനപ്പാട്ടുദ്ഘോഷിച്ചങ്ങവനെ വാഴ്ത്തി.

നാഥൻ ദൈവം നിന്ദ്യമൃഗത്തെ വാഹനമാക്കി
സ്ക്കറിയായേ! നിൻ മൊഴി നിറവേറി, സ്തുതി ഘോഷിക്ക.

## സൂമ്മോറൊ

ധന്യൻ! കർത്താവിൻ തിരുനാമത്തിൽ
വന്നോനെന്നേവം-സീയോൻ തെരു
വിൽ കുട്ടികളുദ്ഘോഷിച്ചു.

## വായനകൾ

ആദ്യപുസ്തകം 49 : 8-12 | സ്ക്കറിയാ 9 : 9-12 | ഏശായാ 51 : 9-11
1 യോഹന്നാൻ 2 : 7 - 15 | റോമർ 11 : 3 - 24

പെത്ഗോമോ:- ഹാലേ... ഉ ഹാലേ... എന്നെന്നും ഞാൻ ദേവാഗാരത്തിൽ
മേന്മയെഴും സൈത്തിന്നൊത്തോനാം. ഹാലേ....

## ഏവൻഗേലിയോൻ

(മർക്കോസ് 11 : 1 - 18)

യേശു-സൈത്തുപർവ്വതത്തിനു സമീപമുള്ള ബെത്പാഗെയും ബെത്അനിയായും വരെ- ഊർശ്ലേമിനെ സമീപിച്ചപ്പോൾ, തന്റെ ശിഷ്യന്മാരിൽ രണ്ടു പേരെ അയയ്ക്കുകയും അവരോട് ഇപ്രകാരം പറയുകയും ചെയ്തു. 'നമ്മുടെ നേരെയുള്ള ആ ഗ്രാമത്തിലേക്കു പോകുവിൻ; നിങ്ങൾ അതിൽ പ്രവേശിക്കുന്നയുടൻ ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നതു കാണും. ഇതുവരെയും ഒരു മനുഷ്യനും അതിന്റെ പുറത്തു കയറിയിട്ടില്ല. നിങ്ങൾ അതിനെ അഴിച്ചുകൊണ്ടുവരുവിൻ. 'നിങ്ങൾ എന്തിനിതു ചെയ്യുന്നു' എന്ന് ആരെങ്കിലും ചോദിച്ചാൽ 'ഞങ്ങളുടെ കർത്താവിന് അതിനെ ആവശ്യമുണ്ട്' എന്ന് പറയുവിൻ. ഉടനെ അവർ അതിനെ ഇവിടേക്കു വിട്ടയയ്ക്കും. അവർ പോയി തെരുവിൽ -പുറത്തു- വാതിൽക്കൽ കെട്ടിയിരിക്കുന്ന കഴുതക്കുട്ടിയെ കണ്ടു. അതിനെ അഴിക്കവേ അവിടെ നിന്നവരിൽ ചിലർ 'നിങ്ങൾ കഴുതക്കുട്ടിയെ അഴിക്കുന്നത് എന്തിന്' എന്ന് ചോദിച്ചു. അവർ യേശു കല്പിച്ചപ്രകാരം അവരോടു പറഞ്ഞു. അപ്പോൾ അവർ സമ്മതിച്ചു. അനന്തരം അവർ കഴുതക്കുട്ടിയെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അതിന്റെ പുറത്ത് അവർ തങ്ങളുടെ വസ്ത്രങ്ങൾ വിരിക്കയും യേശു അതിന്മേൽ കയറുകയും ചെയ്തു. പലരും തങ്ങളുടെ വസ്ത്രങ്ങൾ വഴിക്കു വിരിച്ചു. ചിലർ വൃക്ഷങ്ങളിൽ നിന്ന് ചെറുശാഖകൾ വെട്ടിയെടുത്ത് വഴിയിൽ വിതറി. അവനു മുമ്പേയും പിമ്പേയും പൊയ്ക്കൊണ്ടിരുന്നവർ ഇപ്രകാരം ആർത്തു വിളിച്ചുപറഞ്ഞു.

*'ഊശാന; കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു; കർത്താവിന്റെ നാമത്തിൽ വരുന്നതായി നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യവും വാഴ്ത്തപ്പെട്ടതാകുന്നു. അത്യുന്നതങ്ങളിൽ ഊശാന.'*

**ഊശാനാ. ധന്യൻ കർത്താവിൻ നാമത്തിൽ വരുവോൻ.**
**ധന്യൻ കർത്താവിൻ തിരുനാമത്തിൽ വന്നീടും**
**പിതൃദാവീദിൻ രാജ്യം വാനിൽ ശാന്തി!**
**സ്തുതി സ്വർഗ്ഗത്തിൽ!- സ്വർഗ്ഗങ്ങളിലൂശാനാ!**

യേശു ഊർശ്ലേമിൽ -ദേവാലയത്തിൽ- പ്രവേശിച്ച് സർവ്വവും കണ്ടു. സന്ധ്യാസമയമായപ്പോൾ അവൻ പന്ത്രണ്ടു പേരോടുകൂടി ബെത്ത്അനി

യായിലേക്കു പോയി. പിറ്റേ ദിവസം ബേത്ത്അനിയായിൽ നിന്ന് പോരുമ്പോൾ അവനു വിശന്നു. ഇലകൾ ഉള്ള ഒരു തീത്തവൃക്ഷം ദൂരെ കണ്ടിട്ട് അതിൽ വല്ലതും കണ്ടേക്കാം എന്നുവച്ച് അതിന്റെ അടുക്കൽ ചെന്നു. അപ്പോൾ ഇലകളല്ലാതെ അതിൽ ഒന്നും കണ്ടില്ല. എന്തെന്നാൽ അതു തീത്തപ്പഴത്തിന്റെ കാലമല്ലായിരുന്നു. അവൻ അതിനോട് 'ഇനി എന്നേക്കും ഒരുവനും നിന്നിൽനിന്ന് ഫലം ഭക്ഷിക്കാതിരിക്കട്ടെ' എന്ന് പറഞ്ഞു. ശിഷ്യന്മാർ അതു കേട്ടു. പിന്നെ അവർ ഊർശ്ലേമിൽ ചെന്ന് യേശു ദേവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്നവരെ പുറത്താക്കുവാൻ തുടങ്ങി. നാണയം മാറുന്നവരുടെ മേശകളും പ്രാവുകളെ വിൽക്കുന്നവരുടെ പീഠങ്ങളും മറിച്ചിട്ടു. ദേവാലയത്തിനകത്തുകൂടി ഒരുവനും സാമാനങ്ങൾ കടത്തിക്കൊണ്ടുപോകുവാൻ അവൻ സമ്മതിച്ചില്ല. അവൻ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'എന്റെ ഭവനം സകല ജനങ്ങൾക്കും പ്രാർത്ഥനാഭവനമെന്ന് വിളിക്കപ്പെടു'മെന്ന് എഴുതിയിരിക്കുന്നില്ലയോ. എന്നാൽ നിങ്ങളോ അതിനെ കള്ളന്മാരുടെ ഗുഹയാക്കിത്തീർത്തിരിക്കുന്നു. പ്രധാനാചാര്യന്മാരും വേദപണ്ഡിതന്മാരും അതു കേട്ടിട്ട് അവനെ എങ്ങനെ കൊല്ലേണ്ടു എന്നാരാഞ്ഞു. എന്തെന്നാൽ ജനങ്ങളെല്ലാം അവന്റെ ഉപദേശത്തിൽ വിസ്മയിച്ചിരുന്നതുകൊണ്ട് അവർ അവനെ ഭയപ്പെട്ടിരുന്നു.

## ലുത്താനിയാ

**ശെമ്മാശൻ:-** നാമെല്ലാവരും ഉത്സാഹപൂർവ്വം നന്നായിനിന്നുകൊണ്ട് ദൈവത്തിനു പ്രീതികരമായ ശബ്ദത്തിൽ കുറിയേലായിസോൻ എന്ന് ഏറ്റുചൊല്ലണം. **ജനം:-** കുറിയേ...

**ശെമ്മാശൻ:-** ആകാശത്തിൽ ഒതുങ്ങാത്തവനായിരിക്കേ വിനയപൂർവ്വം കഴുതക്കുട്ടിയുടെ പുറത്ത് ഉപവിഷ്ടനായ ഞങ്ങളുടെ മശിഹാതമ്പുരാനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. **ജനം:-** കുറിയേ...

**ശെമ്മാശൻ:-** സംസാരശക്തിയില്ലാത്ത കഴുതയുടെ പുറത്ത് ശാരീരികമായി കയറി ജാതികളുടെ അനുസരണത്തെ മുൻകൂട്ടി സൂചിപ്പിച്ചവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. **ജനം:-** കുറിയേ...

ശെമ്മാശൻ:- തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസഹീനതയ്ക്കെതിരായി സമർത്ഥമായി സ്തുതിക്കപ്പെടത്തക്കവണ്ണം അവ്യക്തമായി സംസാരിക്കുന്ന നാവുകളെ സജ്ജീകരിച്ചവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.
ജനം:- കുറിയേ...

ശെമ്മാശൻ:- പ്രീശന്മാർ ഒരു വഞ്ചകനെപ്പോലെ പീഡിപ്പിക്കുകയും ശിശുക്കൾ ദൈവത്തെപ്പോലെ സ്തുതിക്കുകയും ചെയ്തവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ജനം:- കുറിയേ...

ശെമ്മാശൻ:- ശിശുക്കളുടെ അപൂർണ്ണങ്ങളായ നാവുകളാൽ തനിക്കായി പരിപൂർണ്ണസ്തുതി തയ്യാറാക്കിയവനേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ജനം:- കുറിയേ...

ശെമ്മാശൻ:- അഗ്നിമയന്മാരുടെ സേനകളാൽ ഭയത്തോടും പരിഭ്രമത്തോടും കൂടി വന്ദിക്കപ്പെടുന്നവനും ശിശുക്കളാലും പൈതങ്ങളാലും പരമാർത്ഥതയോടെ സ്നേഹപൂർവ്വം സ്തുതിക്കപ്പെടുന്നവനുമായുള്ളോവേ! നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ജനം:- കുറിയേ...

ശെമ്മാശൻ:- സർവ്വ ലോകത്തിന്റെയും നിരപ്പിനും സമാധാനത്തിനും വേണ്ടിയും ഞങ്ങളുടെ പിതാക്കന്മാരും സൗഭാഗ്യശാലികളും പാത്രിയർക്കീസന്മാരുമായ മോറാൻ മാർ ഇഗ്നാത്തിയോസിനു വേണ്ടിയും മോറാൻ മാർ ബസ്സേലിയോസിനു വേണ്ടിയും മാർ ഗ്രീഗോറിയോസിനു വേണ്ടിയും ഞങ്ങളുടെ മേൽപ്പട്ടക്കാരൻ മാർ.... വേണ്ടിയും സത്യവിശ്വാസികളായശേഷം സകല എപ്പിസ്ക്കോപ്പാമാർക്കുവേണ്ടിയും ദൈവമാതാവായ മറിയാമിന്റെയും പരിശുദ്ധന്മാരുടെയും വിശ്വാസികളായ പരേതരുടെയും ഓർമ്മയ്ക്കു വേണ്ടിയും ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു. ജനം:- കുറിയേ...

ശെമ്മാശൻ:- ഞങ്ങളുടെ മിശിഹാതമ്പുരാനേ! ഞങ്ങൾക്കു വേണ്ടിയുള്ള നിന്റെ താഴ്മയിൽ സദൃശരായിത്തീരുവാനും സകല പാപമാലിന്യങ്ങളിലും നിന്ന് സ്വതന്ത്രരായി സ്വർഗ്ഗത്തിൽ നിന്നുള്ള നിന്റെ രണ്ടാമത്തെ വരവിങ്കൽ നിന്റെ എതിരേല്പിനു പുറപ്പെടുവാനും അനശ്വരവസ്ത്രങ്ങളോടും സുകൃതമാകുന്ന മഹനീയ അങ്കികളോടുംകൂടെ നിന്റെ തിരഞ്ഞെടുക്കപ്പെട്ട സംഘങ്ങളോടൊപ്പം മുഖപ്രസന്നതയോടെ നിന്നെ സ്വീകരിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. നാം മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്ന് ഏറ്റുചൊല്ലണം.
ജനം:- കുറിയേ.... കുറിയേ.... കുറിയേ....

(പട്ടക്കാരൻ വിശുദ്ധ കുർബാനയിലെപ്പോലെ കൈകൾ ഉയർത്തിക്കൊണ്ട്)

## പ്രാർത്ഥന

പട്ടക്കാരൻ:- ശുബഹോലാബൊ....

ജനം :- ബലഹീനരും പാപികളു......

പട്ടക്കാരൻ:- പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ കർത്താവേ! കൃപയോടെ ഞങ്ങളുടെ കടങ്ങളെ ക്ഷമിക്കുകയും ദയാപൂർവ്വം ഞങ്ങളുടെ കുറ്റങ്ങളെ മോചിക്കുകയും ചെയ്ത് നിനക്കുള്ളവരായിത്തീരുവാനും തിരുവിഷ്ടപ്രകാരം നിന്നെ പ്രീതിപ്പെടുത്തുവാനും തിരുസന്നിധിയിൽ കരുണ പ്രാപിക്കുവാനും ഞങ്ങൾക്കു കൃപ നൽകണമേ. ഹോശോ....

ജനം :- ആമ്മീൻ

പട്ടക്കാരൻ:- സ്വർഗ്ഗസേനകളുടെ ദൈവമായ കർത്താവേ! ക്രൂബേന്മാരും സ്രോപ്പേന്മാരും മാലാഖമാരും പ്രധാനമാലാഖമാരും സകല ആത്മീയ ഗണങ്ങളും നിന്റെ ദൈവത്വമാകുന്ന ജീവാഗ്നിയുടെ മുമ്പിൽ ഭ്രമിച്ചുവിറയ്ക്കുന്നു. അവർ വിസ്മയത്തോടും പരിഭ്രമത്തോടുംകൂടെ നിന്റെ ശ്രേഷ്ഠതയെ ഇടവിടാതെ വാഴ്ത്തി പുകഴ്ത്തി സ്തുതിക്കുന്നു. താഴെ ഭൂമിയിൽ വച്ച് ശിശുക്കളാലും കുഞ്ഞുങ്ങളാലും യുവാക്കളാലും പരമാർത്ഥികളായ വിശുദ്ധ ശിഷ്യന്മാരാലും ഊശാനകളാൽ സ്തുതിച്ച് പുകഴ്ത്തപ്പെടുവാൻ നിനക്ക് തിരുവിഷ്ടമുണ്ടായി. ഇപ്പോൾ സുശക്തവും കരുണയും ദയയും നിറഞ്ഞതുമായ നിന്റെ കൈനീട്ടി നിന്റെ ഇടവകയിലെ ആടുകളെയും ഈ സമയത്ത് ഞങ്ങളുടെ മുമ്പാകെ വച്ചിരിക്കുന്ന ഈ ഊശാനകളെയും ഈ കൊമ്പുകൾ വെട്ടപ്പെട്ട വൃക്ഷങ്ങളെയും അനുഗ്രഹിക്കണമേ. ✠ ഇവയെ വഹിക്കുന്നവരുടെ അനുഗ്രഹത്തിന് ഇവ പര്യാപ്തമാകണമേ. ഈ ദിവസത്തിൽ ആ ശിശുക്കളെപ്പോലെയും നിന്റെ ശിഷ്യന്മാരെപ്പോലെയും ഈ ലോകത്തിൽവച്ച് നിന്നെ വാഴ്ത്തി പുകഴ്ത്തി സ്തുതിക്കുവാനും പുതിയ ലോകത്തിൽ സൗഭാഗ്യകരവും അനശ്വരവുമായ ജീവിതത്തിൽ നിനക്കും നീ മുഖാന്തരം നിന്നോടുകൂടെ നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും നിന്റെ പരിശുദ്ധന്മാരുടെ ഗണങ്ങളോടൊരുമിച്ച് ആന്തരികമായ ഊശാനകളോടും യോഗ്യമായ കൊമ്പുകളോടുംകൂടെ സ്തുതിയും സ്തോത്രവും അർപ്പിക്കുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ.... ജനം :- ആമ്മീൻ

പട്ടക്കാരൻ:- ദൈവമായ കർത്താവേ! അനശ്വരവസ്ത്രങ്ങളാൽ പ്രശോഭിതരാകുവാനും മഹത്ത്വകരമായ ആന്തരികകൊമ്പുകളോടുകൂടെ നിന്റെ തെരഞ്ഞെടുക്കപ്പെട്ടവരോടൊരുമിച്ച് സന്തോഷകരവും ആനന്ദകരവുമായ പെരുന്നാൾ നിനക്കായി ആഘോഷിക്കുവാനും അവരുടെ കൂട്ടത്തിലും അവരുടെ ഇടയിലും നിന്നുകൊണ്ട് നിനക്കും നിന്റെ പിതാവിനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും.... ഹോശോ....

ജനം :- ആമ്മീൻ

പട്ടക്കാരൻ:- നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ

ജനം :- അവിടത്തെ ആത്മാവിനും ഉണ്ടായിരിക്കട്ടെ.

ശുശ്രൂഷക്കാരൻ :- കാരുണ്യവാനായ കർത്താവിന്റെ മുമ്പാകെ നാം തല കുനിക്കണം.

ജനം :- ഞങ്ങളുടെ ക്ർത്താവും ദൈവവുമേ! തിരുമുമ്പാകെ ഞങ്ങൾ തല കുനിക്കുന്നു.

പട്ടക്കാരൻ:- കർത്താവേ! നിന്റെ സഭയും നിന്റെ അവകാശവും ആത്മശരീരങ്ങളുടെ കഴുത്തുകളെ തിരുമുമ്പാകെ കുനിച്ചിരിക്കുന്നു. നിന്റെ ദാസന്മാരും ദാസികളും നിന്റെ ബഹുമാന്യതയുടെ ഭയങ്കരസിംഹാസനത്തിൻ മുമ്പാകെ അപേക്ഷകരായി സാഷ്ടാംഗപ്രണാമം ചെയ്ത് വണങ്ങിനിന്ന് സങ്കടപൂർവ്വം നിങ്കൽ നിലവിളിച്ചുകൊണ്ട് തങ്ങളുടെ നിയമലംഘനങ്ങൾക്ക് നിന്റെ കരുണയോടു പരിഹാരം യാചിക്കുകയും ചെയ്യുന്നു. മനുഷ്യസ്നേഹമുള്ള കർത്താവേ! ഇവരെ വ്യർത്ഥമായി വിട്ടയയ്ക്കാതെ ഇവരുടെ മുമ്പിൽ നിന്റെ ശ്രീഭണ്ഡാരം തുറന്ന് ഇവർ മഹനീയമായി ഈ പെരുന്നാളിനെ വിവിധ നിലകളിൽ ദർശിക്കുവാനും ഊശാനകളാൽ നിന്നെ പുകഴ്ത്തിയ ആ കുട്ടികൾക്ക് സഖാക്കളായിത്തീരുവാനും തക്കവണ്ണം ഐശ്വര്യമേറിയ നിന്റെ നൽവരങ്ങളാൽ ഇവരെ സന്തോഷിപ്പിക്കണമേ. ഞങ്ങൾ നിനക്കു സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ. ഹോശോ.... ജനം :- ആമ്മീൻ.

പട്ടക്കാരൻ:- ഈ മനുഷ്യാവതാരവ്യാപാരത്തെ പൂർണ്ണമായി ഞങ്ങളുടെ അടുക്കൽ നിർവ്വഹിച്ച ദൈവമായ കർത്താവേ! ഇപ്പോൾ നിന്റെ മഹാകരുണയാൽ ഈ കൊമ്പുകളെയും ഇവ വെട്ടിയെടുത്ത വൃക്ഷങ്ങളെയും നിന്റെ കർത്തൃത്വം സൃഷ്ടിച്ചുണ്ടാക്കിയ എല്ലാ സസ്യാദികളെയും നീ അനുഗ്രഹിക്കണമേ. ✝ ഈ കൊമ്പുകൾ ഇവയെ വഹിക്കുന്നവരുടെ അനുഗ്രഹത്തിനും ഇവയെ ധരിക്കുന്നവരുടെ സംരക്ഷണത്തിനും

പര്യാപ്തമായിത്തീരണമേ. ഇവയെ മഹത്ത്വത്തിന്റെ കൊമ്പുകളും വിശുദ്ധിയുടെ പത്രങ്ങളും നിർമ്മലതയുടെ ഊശാനകളും ആക്കിത്തീർക്കണമേ. ✝ ജനം :- ആമ്മീൻ.

പട്ടക്കാരൻ:- ഇവ വിശ്വാസത്തിന്റെ സ്ഥിരതയ്ക്കും ശൈശവത്തിന്റെ അലങ്കാരത്തിനും വാർദ്ധക്യത്തിന്റെ പരിപക്വതയ്ക്കും പള്ളികളുടെ പുകഴ്ചയ്ക്കും ദയറാകളുടെ ശ്രേഷ്ഠതയ്ക്കും ഭവനങ്ങളുടെ അനുഗ്രഹത്തിനും വിശ്വാസികളുടെ നിലനിൽപ്പിനും ഉതകുമാറാകണമേ. ✝ എന്നാൽ നിനക്കും വാഴ്ത്തപ്പെട്ടവനായ നിന്റെ പിതാവിനും വിശുദ്ധ റൂഹായ്ക്കും സ്തുതിയും ബഹുമാനവും യോഗ്യമാകുന്നു. ഹോശോ.... ജനം :- ആമ്മീൻ.

പട്ടക്കാരൻ:- ഞങ്ങളുടെ ദൈവമേ! നീ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. ഞങ്ങളുടെ അടുക്കലേക്കുള്ള നിന്റെ ആഗമനം അനുഗ്രഹിക്കപ്പെട്ടതാകുന്നു. ഞങ്ങൾക്കു വിളിക്കപ്പെട്ടിരിക്കുന്ന നിന്റെ നാമം അനുഗൃഹീതമാകുന്നു. കർത്താവേ! നിന്റെ കൃപയുടെ ആവാസത്താൽ ഞങ്ങളെയും വയലുകളെയും സസ്യാദികളെയും ഈ കൊമ്പുകളെയും അനുഗ്രഹിക്കണമേ ✝ ഇവയെ അനുഗ്രഹിക്കപ്പെട്ട കുരുത്തോലകളും ഭവനങ്ങളെ സംരക്ഷിക്കുവാനും സാത്താനെ ഓടിക്കുവാനും പരീക്ഷകളെ ദൂരീകരിക്കുവാനും ശക്തിയുള്ളതും ആക്കിത്തീർക്കണമേ. ✝ ജനം :- ആമ്മീൻ.

പട്ടക്കാരൻ:- ഇവയെ യുദ്ധങ്ങളെ ബഹിഷ്കരിക്കുവാനും ദുഷ്ടവിചാരങ്ങളെ മായിച്ചുകളയുവാനും അപകടങ്ങളെ ദൂരീകരിക്കുവാനും കഴിവുള്ളവയാക്കിത്തീർക്കണമേ. ✝ ഇവയെ വഹിക്കുന്നതിനാൽ നിന്റെ കരുണയും ദയയും പ്രാപിക്കുവാൻ ഞങ്ങൾക്കു കൃപ നൽകണമേ. നിന്റെ പെരുന്നാളിനായി വന്നുകൂടിയിരിക്കുന്ന നിന്റെ ജനത്തെ അനുഗ്രഹിക്കണമേ. ✝ നിന്റെ മണവറയിൽ പ്രവേശിക്കുവാൻ ഞങ്ങൾ അർഹരായി ഭവിക്കണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ. ഹോശോ.... ജനം :- ആമ്മീൻ.

(കുരുത്തോലകളുടെമേൽ കൈ ആവസിപ്പിച്ചുകൊണ്ട്)

പട്ടക്കാരൻ:- നമ്മുടെ മുമ്പിൽ വച്ചിരിക്കുന്ന ഈ കൊമ്പുകൾ നിത്യജീവനു വേണ്ടി പിതാവിന്റെയും ✝ പുത്രന്റെയും ✝ ജീവനുള്ള പരിശുദ്ധ റൂഹായുടെയും ✝ നാമത്തിൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. ആമ്മീൻ.

പട്ടക്കാരൻ:- സ്വർഗ്ഗീയസൈന്യങ്ങളുടെ ദൈവവും സകല സൃഷ്ടികളുടെയും സ്രഷ്ടാവുമായ കർത്താവേ! സുശക്തമായ നിന്റെ കൈയാലും ബലമേറിയ നിന്റെ ഭുജത്താലും ഞങ്ങളെ കാത്തുകൊള്ളണമേ. അഗ്നിമയന്മാരുടെ ശോഭിതഗണങ്ങളോടുകൂടെ നിന്നെ സ്തുതിക്കുവാനും ശിശുക്കളോടും കുഞ്ഞുങ്ങളോടും ഒരുമിച്ച് ഉന്നതങ്ങളിൽ ഊശാന എന്ന് ആർത്തുപറയുവാനും ഞങ്ങളെ യോഗ്യരാക്കണമേ. ഹോശോ....

## ഹൂത്തോമൊ

പട്ടക്കാരൻ:- ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ. ഞങ്ങളുടെ അപേക്ഷകൾ കൈക്കൊള്ളണമേ. ഞങ്ങളുടെ യാചനകൾക്കു മറുപടി നൽകണമേ. ഞങ്ങളുടെ സഹായത്തിനു വന്നുചേരണമേ. ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ! രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യണമേ. മോറാൻ വാലോഹാൻ...

(പട്ടക്കാരൻ സ്ലീബായും കുരുത്തോലയും കൈയിലെടുത്തുകൊണ്ട് ബീമായിലോ മദ്ബഹായിലോ നിന്നുകൊണ്ട് ആഘോഷം നടത്തുന്നു.)

## സ്ലീബാ ആഘോഷം

### വീണ്ടും കിഴക്കോട്ട് തിരിഞ്ഞുനിന്നുകൊണ്ട്

പട്ടക്കാരൻ:-ദൂതന്മാർ സേ-വിപ്പോനേ! ജനം:- ഈശാ! നീ പരിശുദ്ധൻ.

പട്ടക്കാരൻ:-ക്രോബേന്മാർ വാഴ്ത്തുന്നോനേ! ജനം:- ശക്താ! നീ പരിശുദ്ധൻ

പട്ടക്കാരൻ:-സ്രാപ്പികൾ കാദീ-ശാർപ്പോനേ! ജനം:- മൃതിഹീനാ! നീ പരിശുദ്ധൻ

പട്ടക്കാരൻ:- പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു.

ജനം :- ദാവീദാത്മജനൂശാന! കൃപയടിയാരിൽ ചെയ്യണമേ.

### പടിഞ്ഞാറു വശത്തേക്ക്

പട്ടക്കാരൻ:-തീമയർ ഹാലൽ-ചൊൽവോനേ! ജനം:- ഈശാ! നീ പരിശുദ്ധൻ

പട്ടക്കാരൻ:-ആത്മീയർ ശ്ലാ-ഘിപ്പോനേ ജനം:-ശക്താ! നീ പരിശുദ്ധൻ

പട്ടക്കാരൻ:-മണ്മയരാഘോ-ഷിപ്പോനേ! ജനം:-മൃതിഹീനാ! നീ പരിശുദ്ധൻ

പട്ടക്കാരൻ:- വിശ്വാസിനിയാം തിരുസഭതൻ-സുതരർത്ഥിക്കുന്നു.

ജനം :- ദാവീദാത്മജനൂശാന! കൃപയടിയാരിൽ ചെയ്യണമേ.

## വടക്കു വശത്തേക്ക്

പട്ടക്കാരൻ:-മേലുള്ളോർ മാ-നിപ്പോനേ! ജനം:-ഈശാ! നീ പരിശുദ്ധൻ.

പട്ടക്കാരൻ:-മദ്ധ്യമർ കീർത്തിക്കുന്നോനേ! ജനം:-ശക്താ! നീ പരിശുദ്ധൻ.

പട്ടക്കാരൻ:-കീഴുള്ളോർ കൂ-പ്പുന്നോനേ! ജനം:-മൃതിഹീനാ! നീ പരിശുദ്ധൻ

പട്ടക്കാരൻ:-പാപികളനുതാപത്തോടൊത്തർത്ഥിച്ചോതുന്നു

ജനം :-ദാവീദാത്മജനൂശാന! കൃപയടിയാരിൽ ചെയ്യണമേ.

## തെക്കു വശത്തേക്ക്

പട്ടക്കാരൻ :-നാഥാ! കൃപ ചെയ്തീടേണം

ജനം :-നാഥാ! കൃപ ചെയ്യുക കനിവാൽ

പട്ടക്കാരൻ :-നാഥാ! കർമ്മാർത്ഥനകളെ നീ കൈക്കൊണ്ടും കൃപ ചെയ്തീടേണം

ജനം :- ദേവേശാ! തേ സ്തോത്രം

പട്ടക്കാരൻ :-സ്രഷ്ടാവേ! തേ സ്തോത്രം

ജനം :-പാപികളാം ദാസരിലലിയും മിശിഹാരാജാവേ! സ്തോത്രം.

ബാറെക്മോർ

പട്ടക്കാരൻ :-സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!.... ഇത്യാദി.